# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 15/10/ 2020

# വിലങ്ങ് മുറിച്ച് പ്രതികളെ രക്ഷപെടുത്തിയ ആൾ പോലീസ് പിടിയിലായി

കൊല്ലം : പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ പോലീസുകാരനെ ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ച് രക്ഷപ്പെട്ട പ്രതികളെ വിലങ്ങ് മുറിക്കാൻ സഹായിച്ചയാൾ പോലീസ് പിടിയിലായി. പാരിപ്പള്ളി പുലിക്കുഴി ചരുവിള വീട്ടിൽ ഭാസ്ക്കരൻ മകൻ ബൈജുവാണ് (30) പോലീസ് പിടിയിലായത്. പോലീസിനെ ആക്രമിച്ച് രക്ഷപ്പെട്ട ചിന്നുക്കുട്ടൻ, മനു എന്നിവരുടെ വിലങ്ങ് മുറിച്ച് മാറ്റിയതിനാണ് ഇയാളെ പിടികൂടിയത്. പോലീസിനെ ആക്രമിച്ച് രക്ഷപ്പെട്ട ശേഷം വിലങ്ങ് മുറിക്കുന്നതിനായി പ്രതികൾ ഇയാളെ സമീപിക്കുകയായിരുന്നു. വിലങ്ങ് ഇലക്ട്രിക് കട്ടർ ഉപയോഗിച്ച് ഇയാൾ മുറിച്ച് മാറ്റുകയായിരുന്നു. മുറിച്ച വിലങ്ങ് പ്രതികൾ കൊടിമൂട്ടിൽ അമ്പലത്തിന്റെ സമീപമുള്ള കുളത്തിൽ ഉപേക്ഷിച്ചു. തുടർന്ന് മുങ്ങൽ വിദഗ്ദരുടെ സഹായത്തോടെ നടത്തിയ അന്വേഷണത്തിൽ കുളത്തിൽ നിന്നും പരവൂർ പോലീസ് മുറിച്ച് മാറ്റിയ വിലങ്ങിന്റെ ഭാഗങ്ങൾ കണ്ടെടുത്തു. ഇയാളെ റിമാന്റ് ചെയ്തു. പരവൂർ ഇൻസ്പെക്ടർ രതീഷിന്റെ നേതൃത്വത്തിൽ എസ്സ്.ഐമാരയ ജയകുമാർ, അഷറഫ്, എസ്സ്.സി.പി.ഓമാരായ ഷാഹുൽ, അജേഷ്, അനീഷ്, സി.പി.ഓ ലേഖ, തുടങ്ങിയവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.



ബൈജു (30)